For Private Circulation Only

August 2020

# ആഗമനദൂതൻ

HOLY BIBLE

Vol.67 | No.8

കർത്താവേ നീ നല്ലവനും ക്ഷമിക്കുന്നവനും നിന്നോട് അപേക്ഷിക്കുന്നവരോടൊക്കെയും മഹാദയാലുവും ആകുന്നു” (സങ്കീ. 86:5)

# ന്യായവിധിയുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ ദയ അന്വേഷിക്കുക

By John Newton

“ദൈവം വീണ്ടും അനുതപിച്ചു നാം നശിച്ചുപോകാതെയിരിക്കേണ്ടതിനു അവന്റെ ഉഗ്രകോപം വിട്ട് മാറുമായിരിക്കും” (യോന. 3:9)

മനുഷ്യരുടെമേൽ (ദൈവിക ന്യായവിധി) വരുമ്പോൾ, അവർ തങ്ങളുടെ പാപത്തെക്കുറിച്ചും താഴ്ചയെക്കുറിച്ച് അനുതപിക്കുകയും അവരുടെമേൽ വരുത്തുമെന്ന് യഹോവ പറഞ്ഞ കഷ്ടതയിൽ നിന്ന് മനുഷ്യവർഗ്ഗത്തിന് മോചനം വരുത്തുകയും ചെയ്യുന്നു. യോനാ പ്രവചനം പഠിക്കുമ്പോൾ ഇത് നമ്മൾ മനസ്സിലാക്കുന്നു. നിനവേ മനുഷ്യർ അവരുടെ പാപത്തിൽ നിന്ന് ഒഴിഞ്ഞ് മാറുകയും മാനസാന്തരപ്പെടുകയും ചെയ്തതിനാൽ ദൈവീക കോപത്തിൽ നിന്ന് അവർക്ക് വിടുതൽ കിട്ടി.

എന്റെ പ്രീയ സഹോദരന്മാരെ നമ്മൾ ഇത് കേട്ട് ഭയപ്പെടുന്നില്ലെങ്കിൽ നിനവേ നിവാസികൾ ന്യായിവിധിയിൽ ഈ തലമുറയോട് ഒന്നിച്ചു എഴുന്നേറ്റു അതിനെ കുറ്റം വിധിക്കും; “അവർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടുവല്ലോ” (മത്താ. 12:41), നമ്മൾ അവരുടെ ഈ മാതൃക അനുകരിച്ചില്ലെങ്കിൽ നമ്മൾ ദൈവമുമ്പാകെ താഴ്ത്തി കൊടുക്കുന്നില്ലെങ്കിൽ അവർ യോനാ പ്രവാചകന്റെ ആദ്യ പ്രസംഗം കേട്ടപ്പോൾ തന്നെ തങ്ങളുടെ പാപത്തിൽ നിന്ന് വിട്ട് പിരിഞ്ഞ് മാനസാന്തരപ്പെടും. പിന്നീട് അവർ പാപത്തിന്റെ പാത തുടർന്നില്ല. ഇപ്പോൾ നമ്മൾക്ക് കൃപാസനത്തോളം വരുവാനും യാക്കോബിനെപ്പോലെ, പ്രാർത്ഥനയാൽ ദൈവത്തോട് മനുഷ്യരോടും മല്ലുപിടിച്ചു ജയിക്കുവാനും കഴിയും (ഉല്പ. 32:28), “ഞാൻ അവൾക്കു മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും ദുർന്നടപ്പു വിട്ടു മാനസാന്തരപ്പെടുവാൻ അവൾക്ക് മനസ്സില്ല” (വെളി. 2:21).

## ദൈവിക ന്യായവിധി

ദൈവീക ന്യായവിധി ഭൂമി പരക്കെ വരുന്നു (യെശ. 25:9-11). അവൻ തന്റെ കരങ്ങൾ ഉയർത്തി അശ്രദ്ധയായിട്ടുള്ളവരെയും തങ്ങളുടെ ഹൃദയത്തെ കടുപ്പിച്ചു നടന്നവരും വളരെ വേഗം യഹോവയുടെ ന്യായവിധി കാണുക തന്നെ ചെയ്യും. “ഭൂമിയിലെ നിവാസകിളോട് ദൈവം സദാകാലവും വാദിച്ച് കൊണ്ടിരിക്കുന്നു” (യിരെ. 25:31; ഹോശെ. 4:1). അവിടുന്ന് ദൈവമെന്ന് എല്ലാവരും അറിയും, ഞാൻ വിശ്വസിക്കുന്നു. പഴയ നിയമത്തിൽ കാണുന്നതുപോൽ “ നിഹതന്മാർ നിങ്ങളുടെ നടുവിൽ വീഴും; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും” (യെഹ. 6:7). ഞാൻ യഹോവ എന്ന് അവർ അറിയും (യെഹെ 25:11).

എന്നാൽ ചില സ്ഥലങ്ങളിൽ ദൈവം മൗനമായിരിക്കുന്നു. അവിടുത്തെ നിവാസികൾ തങ്ങളുടെ പാപങ്ങളിൽ വർദ്ധിച്ച് വരുകയും ഹൃദയത്തെ മാനസാന്തരത്തിന് വിധേയപ്പെടുത്തുകയോ ചെയ്യുന്നില്ല. അവരുടെമേൽ ദൈവത്തിന്റെ അത്യുഗ്രമായ കോപം വെളിപ്പെടും. നരകത്തിനെക്കാൾ വളരെ ദയനീയമായ ഒരു കാഴ്ച.

ഞാൻ തീർച്ചയായിട്ടും ചിന്തിക്കുന്നു. എന്റെ ദർശനത്തിൽ ഇരുട്ട് ഉണ്ടെങ്കിലും ദൈവത്തെ ഭയപ്പെടുകയും ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നവരോട് ചേർന്ന് അവിടുത്തെ നാമത്തിൽ ഞാനും അറിയിക്കുകയും പ്രാർത്ഥിക്കേണ്ടിയും ഇരിക്കുന്നു. പക്ഷെ “യഹോവ നമുക്കു വേണ്ടി പ്രവർത്തിക്കും. “അധികം കൊണ്ടോ അല്പം കൊണ്ടോ രക്ഷിപ്പാൻ യഹോവെക്കു പ്രയാസമില്ലല്ലോ എന്നു പറഞ്ഞു” (1ശമു. 14:6).

## നമ്മുടെയും മറ്റുള്ളവരുടെയും പാപങ്ങൾ

പല കാര്യങ്ങളിലും നമ്മൾ വാക്കിലും ചിന്തയിലും പ്രവർത്തിയിലും പാപം ചെയ്യുന്നു. ദൈവജനത്തിന്റെ പാപങ്ങൾ വളരെയാണ്. എങ്കലും അവിടുത്തെ കൃപയാൽ മായിക്കപ്പെടുന്നു. “യഹോവേ, നീ അകൃത്യങ്ങളെ ഓർമ്മവെച്ചാൽ കർത്താവേ ആർ നിലനിൽക്കും? എങ്കിലും നിന്നെ ഭയപ്പെടുവാൻ തക്കവണ്ണം നിന്റെ പക്കൽ വിമോചനം ഉണ്ട് ” (സങ്കീ. 130:3,4).

ഒരു കാലത്തെ പാപത്തെ പ്രഖ്യാപിക്കുവാൻ വളരെ എളുപ്പമാണ്. ആരാണോ തങ്ങളുടെ പാപത്തെക്കുറിച്ച് അനുതപിച്ച് യഥാർത്ഥ മാനസാന്തരത്തോടെ ദൈവസന്നിധിയിൽ വരുന്നത് അവർക്ക് മാത്രമാണ് യെശയ്യാവ് പ്രവാചകനെപ്പോൽ പറയാൻ അർഹതയുള്ളത്. “ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു” (യെശ. 6:5).

വിശ്വാസ വഞ്ചന, കള്ള സാക്ഷ്യം തന്നെതന്നെ അശുദ്ധനാക്കുക, ധാർമ്മിക അധ:പതനം ഇവയെക്കുറിച്ച് ഒന്നു നിങ്ങളോട് ഞാൻ സൂചിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇല്ല. ദൈവീക ആരാധനകളെ പുച്ഛിക്കുന്നത് ശരിയല്ലല്ലോ. ദൈവത്തിന്റെ നിയമം, ഭൂമിയിലുള്ള മനുഷ്യജീവതത്തിന്റെ എല്ലാ മേഖലകളിലും അത് മന:പൂർവ്വം തിരസ്ക്കരിക്കപ്പെട്ടിരിക്കുകയാണ്. അന്ന് സൈന്യങ്ങളുടെ യഹോവയായ കർത്താവ് കരച്ചിലിന്നും വിലാപത്തിനും രട്ടുടുക്കുന്നതിനും വിളിച്ചപ്പോൾ ആനന്ദവും സന്തോഷവും കാള അറുക്കുക, ആട്ടറുക്കുക, ഇറച്ചി തിന്നുക, വീഞ്ഞു

(ശേഷം 4-ാംപേജിൽ)

# വിശ്വാസവും ശുശ്രൂഷയും പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ

By. Rich Carmicheal

ഇപ്പോഴത്തെ അമേരിക്കയുടെ അവസ്ഥ വളരെ ദയനീയമാണ്. കൊറോണ വൈറസിന്റെ ഭീകരത ഇവിടെ വളരെ കൂടുതലുള്ളപ്പോൾ തന്നെ ഇവിടുത്തെ ധാർമ്മികവും ആത്മീകവുമായ അധ:പതനവും, അധാർമ്മികതയും, അധർമ്മം, ഹിംസയും കോപവും, ലഹളയും ചിന്താകുഴപ്പവും വിഭാഗീയതയുമെല്ലാം ഇവിടെ ഓരോ ദിവസവും പ്രശ്നം കൂടുതൽ വഷളാക്കുകയാണ്. ധാരാളം പ്രിയപ്പെട്ടവർക്ക് അവരുടെ കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള ശക്തി ഇല്ലാത്തവരായി തീർന്നു, ഇവിടെ ഞങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയുന്നത് “തിന്മെക്കു നന്മ എന്നും നന്മെക്കു തിന്മ എന്നും പേർ പറയുകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കയ്പിനെ മധുരവും മധുരത്തെ കയ്പും ആക്കുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം” (യെശ. 5:20). ക്രിസ്ത്യാനിത്വത്തിനെതിരെ ശത്രുത്വം ഉയരുകയും പരമ്പരാഗതമായ മൂല്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നു.

ദൈവത്തേയും അവിടുത്തെ വചനത്തേയും മറന്ന് കളയുന്നുവരുടെ രാജ്യത്ത് ഇത് സംഭവിക്കുന്നതിൽ ആശ്ചര്യപ്പെടേണ്ടതില്ല. റോമാ ലേഖനം ഒന്നാം അദ്ധ്യായത്തിൽ അപ്പോസ്തലനായ പൗലോസ് പഠിപ്പിക്കുന്നതുപോലെ “അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു ” (റോമ. 1:18). അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർ ത്തു മഹത്വീകരിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേ കമില്ലാത്ത ഹൃദയം ഇരുണ്ടുപോയി (വാക്യം 21.) ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയി, അക്ഷയനായ ദൈവത്തിന്റെ തജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു. (വാക്യം 22–25). “ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്‌വാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു ” (വാക്യം 24–28). പൗലൊസ് വിവരിച്ചിരിക്കുന്ന പാപങ്ങളെല്ലാം ഇന്ന് മനുഷ്യർ ചെയ്യുന്നു.

**ദൈവം തന്റെ ജനത്തിൽ കൂടി പ്രവർത്തിക്കുന്നു.**

ഇന്നു നമ്മുടെ ശുശ്രൂഷയ്ക്കും ജീവിതത്തിനും ദൈവത്തിന്റെ പക്കൽ നിന്നുള്ള കൃപ ആവശ്യമാണ്. ബിൽ എലീഫ് ഈ കാര്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഒരു മനുഷ്യൻ വിശ്വാസത്തിൽ ഉറപ്പുള്ളവനായി തീർന്ന് രാജ്യത്തെ പ്രതിസന്ധിയിൽ ദൈവിക പ്രവൃത്തികൾ വെളിപ്പെടുത്തുന്നു. നെഹെമ്യാവിന്റെ പുസ്തകത്തിന്റെ ആദ്യഭാഗത്ത് യഹൂദയും യെരുശേലേമും മഹാകഷ്ടത്തിലും അപമാനത്തിലും ഇരിക്കുന്നു. (നെഹെ. 12:43). ഇതെല്ലാം സംഭവിക്കുന്നത് നെഹെമ്യാവ് എന്ന ഒരു വ്യക്തിയുടെ വിശ്വാസവും ദൈവീക

(ശേഷം 6-ാം പേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ തളർന്ന കൈകളെ ബലപ്പെടുത്തുവിൻ. കഴഞ്ഞ മുഴങ്കാലുകളെ ഉറപ്പിപ്പിൻ; മനോവിനയമുള്ളവരോടു ധൈര്യപ്പെടുവിൻ, ഭയപ്പെടേണഅട. ഇതാ നിങ്ങളുടെ ദൈവം പ്രതികാരം ദൈവത്തിന്റെ പ്രതിഫലവും വരുന്നു. അവൻ വന്നു നിങ്ങളെ രക്ഷിക്കും. അന്നു കുരുടന്മാരുടെ കണ്ണു തുറന്നു വരും ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല. അന്നു മുടന്തർ മാനിനെപ്പോലെ ചാടും. ഊമന്റെ നാനവും ഉല്ലസിച്ചു ഘോഷിക്കും ” (യെശ. 35:3–6)

2020 ജൂലൈ മാസം നമ്മെ വിട്ട് കടന്നുപോയി. ആഗസ്റ്റ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ഇത് അന്ത്യകാലമാണ് നാം ദൈവത്തോട് അടുത്തു ചെല്ലണം. ദൈവം നമ്മോട് കൂടെ ഉണ്ട്. ദൈവം പറയുന്ന ഓരോ കാര്യങ്ങളും നാം അനുസരിക്കാൻ തയ്യാറാകുക. പ്രശ്നങ്ങൾ നിറഞ്ഞ ഈ ലോകത്തിൽ ലോകത്തെ ജയിച്ച ജയാളിയായ കർത്താവിൽ നമുക്ക് ആശ്രയം വയ്ക്കാം.

ദൈവത്തിന്റെ ഇഷ്ടത്തിന് കീഴടങ്ങി ദൈവത്തിന് ഹൃദയപ്രകാരമുള്ള നല്ല മനുഷ്യരായി ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ. അവൻ നമ്മെ ജീവപര്യന്തം വഴി നടത്തും. ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച് മുമ്പോട്ട് പോകാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# ഒരു തകർന്ന ദേശത്തോടുള്ള നമ്മുടെ പ്രതികരണം

By. Bill Elliff

വഴിതെറ്റിപോകുന്ന ഒരു ജനത്തെയും ദേശത്തേയും കാണുന്നത് വളരെ വേദനജനകമാണ്. ഈ രാജ്യത്തെ യുവതലമുറ ഒരു കാര്യവും വ്യത്യസ്തമായി കാണുന്നില്ല. എന്നാൽ ഞങ്ങൾ പലരും ഞങ്ങൾ ഇന്നു ഓർക്കുന്ന ഒരു ജനത, അത്ര പഴയതല്ലാത്ത ആ കാലം.

* എല്ലാ ദിവസവും സ്കൂളിൽ പ്രാർത്ഥന, ആ ദിവസത്തിനായുള്ള അവിടുത്തെ സഹായത്തിനായിട്ട്

* രാഷ്ട്രീയ നേതാക്കന്മാരുടെ ഭിന്നതകളും, അകന്നുപോയ മര്യാദ നടപടിക്രമങ്ങളും

* സഭയെ സമൂഹം ബഹുമാനിച്ചിരുന്ന ഒരു കാലവും അതിന്റെ ദൈവീക വസ്തുക്കളെ പുച്ഛിക്കാതെയും, പരിഹസിക്കാതെയും നിന്ദിക്കാതെയുമുള്ള കാലം

* അവിശ്വാസികൾക്കുപോലും മനസ്സിലായ ഒരു കാലഘട്ടം - ദേശത്ത് സമൂഹങ്ങളിലും വിശ്വാസികളുടെ ജീവിതങ്ങളിൽ കൂടി ഉണ്ടായ സഹായങ്ങൾ

* ഇന്നുള്ളതുപോലെ അധാർമ്മികത ഒക്കെ കൂടുതലല്ലാത്ത സമയം

* മറ്റുള്ളവരുടെ ആവശ്യങ്ങൾ സ്വന്തം ആവശ്യങ്ങളെക്കാൾ കൂടുതൽ പരിഗണിക്കപ്പെട്ടിരുന്നു.

ആ ദിവസങ്ങൾ ഒരിക്കലും വലിയ ആത്മീകതയോ പൂർണ്ണതയോ ഉണ്ടായിരുന്ന കാലഘട്ടമല്ലെങ്കിലും ചിലർ ഒക്കെയും അധികം ദൈവസന്നിധിയിൽ കരയുകയും അങ്ങനെ ഇന്ന് ഞാൻ കാണുന്ന പല കാര്യങ്ങളും വളരെ ഭയാനകമായി എനിക്ക് തോന്നുന്നു. അന്ന് ഒരു പൊതു ധാർമ്മികത്വം ക്രിസ്തീയ - യഹൂദ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിരുന്നു.

ഇന്ന് ഞങ്ങൾ കാണുന്ന ഈ വീഴ്ചയ്ക്കു പല കാര്യങ്ങളും പ്രധാന പങ്ക് വഹിച്ചു. ഇന്ന് എല്ലാം നാടകീയമായി കവർന്നെടുക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായിട്ട് ഈ അധ:പതനം വളരെയധികമായിട്ടു വർദ്ധിച്ചുമിരിക്കുന്നു.

ഒരു ദേശത്ത് ഇനിയും സംഭവിക്കാൻ പോകുന്നത് ദൈവത്തെ മറന്ന് ജീവിക്കുകയും സ്വന്തം കണ്ണിന് ബോധിച്ചതുപോലെ നടന്നതിനാൽ ദൈവം ഇവിടെ അരാജകത്വം വരുത്തുകയും ചെയ്യും.

## നെഹെമ്യാവിന്റെ ഉദാഹരണം

നെഹെമ്യാവ് പ്രവാചകൻ ഇതുപോലെ ഒരു കാലഘട്ടത്തിൽ കൂടി കടന്ന് പോയി. ജനം ദൈവത്തെ അനുസരിക്കാതെ ജീവിച്ചപ്പോൾ ശത്രുക്കളുടെ കരങ്ങളിലേക്ക് കർത്താവ് അവരെ എറിഞ്ഞുകളഞ്ഞു. ഇത് അവരുടെ ജീവിതത്തെ സ്വാധീനിക്കുകയും ദൈവസന്നിധിയിലേക്ക് മടങ്ങി വരുകയും ചെയ്തു.

ബാബിലോണ്യ പ്രവാസത്തിൽ നിന്നു യെരുശലേമിലേയ്ക്കു മടങ്ങി വന്ന തന്റെ സഹോദരന്മാരോട് നെഹെമ്യാവ് ചോദിച്ചപ്പോൾ തനിക്ക് ഈ കാര്യം മനസ്സിലായി.

ഞാൻ അവരോട് പ്രവാസത്തിൽ നിന്നു തെറ്റി ഒഴിഞ്ഞുപോയ യഹൂദന്മാരെക്കുറിച്ചും യെരുശലേമിനെകുറിച്ചും ചോദിച്ചു. അതിനു അവർ എന്നോടു: പ്രവാസത്തിൽ നിന്നു തെറ്റി ഒഴിഞ്ഞുപോയി. ശേഷിപ്പു അവിടെ ആ സംസ്ഥാനത്തു മഹാകഷ്ടത്തിലും അപമാനത്തിലും ഇരിക്കുന്നു; യെരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ചു ചുട്ടും കിടക്കുന്നു എന്നു പറഞ്ഞു. ഈ വർത്തമാനം കേട്ടപ്പോൾ ഞാൻ ഇരുന്നു കരഞ്ഞു. കുറെ നാൾ ദു:ഖിച്ചു ഉപവസിച്ചും കൊണ്ടു സ്വർഗ്ഗത്തിലെ ദൈവത്തോട് ഞാൻ പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ (നെഹെ. 1:1-4).

മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ചു ചുട്ടും കിടക്കുന്നതിൽ പ്രധാനപ്പെട്ട നാല് കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയും.

1. കാലക്രമേണയുള്ള പരിണാമം - ആത്മീക അനാസ്ഥ ഉണ്ടായിരുന്നുവെങ്കിൽ ഇത് സംഭവിക്കുന്നത് അറിയുകയില്ലായിരുന്നു.

2. ആശയറ്റ രാജി നമ്മൾ ചിലപ്പോൾ പ്രലോഭിപ്പിക്കപ്പെടാം. അവിടെ ബുദ്ധിപൂർവ്വം ഒഴിഞ്ഞ് മാറുക.

3. ഭ്രന്ത് പിടിച്ച മനുഷ്യത്വം ചിലപ്പോൾ നമ്മൾ ചില മാനുഷിക പരിഗണനകളെ കണ്ടിട്ട് നല്ലവണ്ണം ചിന്തിക്കാതെ പല കാര്യത്തിലും

(ശേഷം 8-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിക്കപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

# കൊടുങ്കാറ്റിന്റെ മദ്ധ്യത്തിൽ വിശ്വാസ ത്തോടെയും ധൈര്യത്തോടെയും

By Charles H. Spurgeon

“ അതുകൊണ്ട് പുരുഷന്മാരേ, ധൈര്യത്തോടിരിപ്പിൻ, എന്നോടു അരുളിച്ചെയ്തതു പോലെ തന്നേ സംഭവിക്കും എന്നു ഞാൻ ദൈവത്തെ വിശ്വസിക്കുന്നു ” (അ.പ്ര. 27:25).

ഇത്രയും ധൈര്യമുള്ള ഒരു പുരുഷന്റെ സാന്നിദ്ധ്യം വളരെ സമാധാനമായിട്ട് മാറി ഈ അപകടകരമായ സമയത്ത് അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്ക് കപ്പലിൽ ഉണ്ടായിരുന്ന പടയാളികളും ജോലിക്കാരും തടവുകാരും ശതാധിപരും മറ്റുള്ള എല്ലാവരും ഒരുപോലെ ഭയപ്പെട്ടു വിഷമിച്ചപ്പോൾ, ഇവിടെ ഇതാ ഒരു മനുഷ്യൻ ഒരു കൂസലും കൂടാതെ ധൈര്യം സംഭവിക്കപ്പെട്ടവനായിട്ട് ഇരിക്കുന്നു. നമ്മൾക്ക് കാണാൻ കഴിയും വളരെ പ്രശ്നങ്ങലും സംഭവങ്ങളുമെല്ലാം തന്റെ ജീവിതത്തിലും മറ്റുള്ളവരിലും വന്നിട്ടും അവിടെയെല്ലാം ഈ ഒരു മനുഷ്യന്റെ ദൈവത്തിലുള്ള വിശ്വാസവും ധൈര്യത്താലും വിജയശ്രീലാളിതനായിട്ട് പുറത്ത് വരുന്ന കാഴ്ച.

ദൈവത്തിന്റെ മകനേ, നിന്നെ ഏത് സ്ഥലത്ത് ആക്കിയിരിക്കുന്നുവോ, അവിടെ നീ വിശ്വാസവും ധൈര്യവും ആത്മാവിന്റെ ശക്തിയും ഉറപ്പും ഉള്ളവനായിരുന്നാൽ നിന്റെ ചുറ്റും കൂടുന്ന പരിക്ഷീണരായ മറ്റുള്ളവരെ രക്ഷിക്കുവാനും അവരെ ദൈവസന്നിധിയിൽ ഉറപ്പിക്കുവാനും കഴിയും. അതുകൊണ്ടു തളർന്ന കരങ്ങളെ ബലപ്പടുത്തുവാനും കുഴഞ്ഞകാലുകളെ ഉറപ്പിക്കുവാനുള്ള വിശ്വാസവും ധൈര്യവും നിനക്ക് ഉണ്ടാകട്ടെ. നിന്റെ നോട്ടം മറ്റുള്ളവർക്ക് ധൈര്യവും ശക്തിയും പകരട്ടെ.

അങ്ങനെയെങ്കിൽ നിന്റെ സഭയിലും നിങ്ങളുടെ രോഗത്തിലും പ്രശ്നത്തിലുമെല്ലാം നീ, നിന്നിൽ തന്നേ ശക്തിയുള്ളവനായിരിക്കൂ. നിനക്ക് നിന്നിൽ തന്നെ ഒരു നല്ല ധൈര്യവും ആത്മവിശ്വാസവും ഇല്ലായെങ്കിൽ മറ്റുള്ളവരെ എങ്ങനെ ബലപ്പെടുത്തുവാനും നിലനിർത്തുവാനും സാധിക്കും.

അപ്പോസ്തലനായ പൗലൊസിന് കപ്പൽ ക്ഷതം ഭവിച്ചപ്പോൾ ത്ന്റെ സഹയാത്രകരെയും മറ്റുള്ളവരെയും ഇങ്ങനെ ധൈര്യപ്പെടുത്തുവാൻ കാരണം തനിക്ക് കർത്താവിലും അവിടുത്തെ വചനത്തിലുമുള്ള ആഴമേറിയ വിശ്വാസവും ധൈര്യവും നിമിത്തമാണ്. ഇത്രയും ഭായനാകമായ സമയത്ത് പൗലൊസ് മറ്റുള്ളവരോട് പറയുന്നത് പുരുഷന്മാരെ ധൈര്യത്തോടെ ഇരിപ്പിൻ എന്നാണ്. മറ്റുള്ളവർക്ക് ചിന്തിക്കുവാൻ പോലും കഴിയാത്തത്. എന്നാൽ അവരുടെ മറുപടി ഇങ്ങനെയാണ് നീ ഞങ്ങളെ ധൈര്യപ്പെടുത്താതെ നിങ്ങൾ സ്വയം ധൈര്യമുള്ളവനായിരിക്കുക എന്നുള്ളതാണ്.

അതുകൊണ്ട് എന്റെ സഹോദരന്മാരെ, നിങ്ങൾ ദൈവത്തിൽ ആശ്രയിക്കുകയും ധൈര്യമുള്ളവരായിട്ടും ശക്തിയോടെയും നിങ്ങളുടെ ശുശ്രൂഷകൾ ചെയ്തു സഭയിലും പുറത്തും നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോട് ചെയ്യാം. നിങ്ങളിൽ മുഴുവനായിട്ട് നിറവു ഉണ്ടാകട്ടെ. നിങ്ങളിൽ മുഴുനിറവു ഇല്ലാതെ മറ്റുള്ളവരിൽ എങ്ങനെയാണ് നിറയ്ക്കുവാൻ കഴിയുന്നത്. “ ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ ” (എഫെ. 6:10). അതെ ഭീരുത്വം മാറി പോകട്ടെ.

## ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു

നോക്കുക പൗലൊസിന്റെ വിശ്വാസം ; ദൈവത്തിലുള്ള വിശ്വാസമാണ്. അവൻ പറയുന്നു ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നു കപ്പലിൽ ഉണ്ടായിരുന്ന വേറെ ആരും ദൈവത്തിൽ വിശ്വസിച്ചിരുന്നില്ല. പൗലൊസ് ഒഴികെ ബാക്കിയുള്ള എല്ലാവരും ചിന്തിച്ചത് ദൈവം അവരെ ഉപേക്ഷിച്ചെന്നും ഈ കപ്പൽ ക്ഷതത്തിൽ കൂടെ എല്ലാം അവസാനിക്കുന്നുവെന്നുമാണ്. എന്നാൽ അന്ന് രാത്രിയിൽ തന്റെ അടുത്തുവന്നു ദൈവത്തിന്റെ ദൂതൻ പൗലൊസിനെ ശക്തീകിക്കുന്നു. അതുകൊണ്ടാണ് പറയുന്നത് ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ഇങ്ങനെ പലരും പറയുന്നുണ്ട്. അവർ ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന്. എന്നാൽ പ്രായോഗിക തലത്തിൽ, അവർ പരാജയപ്പെടുകയാണ് ചെയ്യുന്നത്. പൗലൊസ് പറയുന്നത് ഞാൻ ദൈവത്തെ വിശ്വസിക്കുന്നുവെന്നു അല്ല: ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നുവെന്നാണ്.

ദൈവത്തിൽ വിശ്വസിക്കുക എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് ദൈവം അയച്ചു അവിടുത്തെ വചനത്തിൽ വിശ്വസിക്കുക എന്നതാണ്. ഭയപ്പെടരുത് ഈ പുരുഷന്മാരെ നിന്റെ കയ്യിൽ തന്നിരിക്കുകയാണ് ഇതാണ് ദൈവം പൗലൊസിനോട് പറഞ്ഞത്. അവർ അതിൽ വിശ്വസിച്ചും തന്റെ കൂടെയുള്ള ആരുടെയും ഒരു മുടി പോലും നശിക്കുകയില്ലെന്ന്.

ശക്തിയേറിയ ഈശാന മൂലൻ കൊടുങ്കാറ്റു ആഞ്ഞടിച്ചപ്പോൾ പൗലൊസ് പറയുന്നത് ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നുവെന്നാണ്. ഇത് ഒരു ഭയങ്കരകാര്യമാണ്. ദൈവത്തെ വിശ്വസിക്കുന്നത് ശക്തിയോടെ കാറ്റ് കപ്പലിൽ അടിച്ച് എല്ലാം തകരുമെന്നുള്ള സമയത്താണ്. ദൈവത്തിൽ വിശ്വസിക്കുക എന്നാൽ ധാരാളം വന്യമൃഗങ്ങൾ എല്ലാം ഒരുമിച്ച് അലറി ശബ്ദമുണ്ടാക്കുന്നതുപോൽ ഒരു കൂട്ടം ചെന്നായ്ക്കൾ അതിന്റെ ആഹാരമാണെന്ന് പറഞ്ഞ് തന്റെ ഇരയുടെ അടുത്തേക്ക് ആക്രോശിച്ച് വരുന്ന സമയത്ത് പൗലൊസ് പറയുകയാണ് ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന്. ഈ വിശ്വാസം പരമാർത്ഥമാണ് – ഇതിന് പരീക്ഷണങ്ങളെ തോല്പിക്കാനുള്ള ധൈര്യമുണ്ട്.

ദൈവത്തിന്റെ വിശ്വാസം എന്നത് ഇരുളിലും വെളിപ്പെടുന്നതാണ്, കലഹം ഉള്ളപ്പോഴും ശാന്തമായിരിക്കാനാണ് ദു:ഖത്തിന്റെ മദ്ധ്യേ പാട്ട് പാടാൻ കഴിയുന്നതാണ്. അർദ്ധ രാത്രിയിലെ കൂരിരുട്ടിലും പ്രകാശിക്കുന്നതാണ് ഇത്. വേറെ ഒന്നിലും വിശ്വസിക്കുവാൻ ഇല്ലാതിരുന്ന സമയത്ത് പൗലൊസ് പറയുകയാണ് ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന്. “എന്റെ ഉള്ളമേ, ദൈവത്തെ നോക്കി മൗനമായിരിക്ക; എന്റെ പ്രത്യാശ അവങ്കൽ നിന്നു വരുന്നു ” (സങ്കീ. 62:5). “ ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും ” (സങ്കീ. 46:1,2).

## നല്ല വിശ്വാസം സംസാരിക്കുന്നു

പൗലൊസ് അപ്പോസ്തലൻ കർത്താവിൽ നല്ലവണ്ണം വിശ്വസിച്ചിരുന്നതുകൊണ്ട് ആ വിശ്വാസത്തെക്കുറിച്ച് പുറമേ, മറ്റുള്ളവരുടെ മദ്ധ്യേ അതിനെകുറിച്ചു പറയുവാനും തനിക്ക് കഴിഞ്ഞു.

(ശേഷം 5-ാംപേജിൽ)

(4-ാം പേജിന്റെ തുടർച്ച)

തന്റെ ചുറ്റും നിന്നു മനുഷ്യരോടു പൗലൊസ് പറയുന്നു നിങ്ങളുടെ തലയിലെ ഒരു മുടിപോലും നശിച്ചുപോകുകയില്ല എന്ന്.

ഇത് അത്രയ്ക്കു നിസ്സാരമായിട്ടുള്ള ഒരു കാര്യമല്ല; വളരെ മോശമായുള്ള കാലാവസ്ഥയിലും സാഹചര്യത്തിലും നമ്മുടെ വിശ്വാസം ഈ പരുഷരായ മനുഷ്യരുടെ മുമ്പിൽ പ്രഖ്യാപിക്കുക എന്നത്. അനേകർ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നുവെങ്കിലും ഇങ്ങനെ പറയുവാൻ ധൈര്യപ്പെടുന്നില്ല; അവരുടെ ഉള്ളിൽ കേവലം മന്ത്രിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ഒരു പക്ഷേ വിശ്വാസത്തിന്റെ പ്രഖ്യാപനം അതു സംഭവിച്ചില്ലെങ്കിൽ ശത്രു എങ്ങനെയായിരിക്കും സന്തോഷിപ്പിക്കുന്നത്? ഇത് എന്റെ തെറ്റ് ആയിരുന്നെങ്കിൽ അവർ എന്നെ എത്ര മാത്രം ദു:ഖിപ്പിച്ചേക്കാം. അങ്ങനെ ശത്രുമിണ്ടാതിരിക്കുമ്പോൾ ദൈവം മഹത്വത്തോടെ വെളിപ്പെടും. ഒരു സ്വാർത്ഥതയുടെ ഒരംശമെങ്കിലും ഉയരുന്നു. നമ്മുടെ കാതുകളിൽ ശത്രുപറയുകയാണ് നീ, ഇത് വിശ്വസിച്ചില്ല ഇത് ഒരിക്കലും നല്ല വിശ്വാസത്തിന്റെ മാതൃക അല്ല.

നല്ല വിശ്വാസം വിളിച്ച് പറയുകയാണ്, ദൈവം സത്യമാണ് ഞാൻ ദൈവത്തിന്റെ വചനത്തിൽ എന്റെ നന്മകണ്ടെത്തും. ഇത് സംഭവിക്കുന്നത് മറ്റുള്ളവർ വലിയ പ്രശ്നങ്ങളിൽ കിടന്ന് കരയുമ്പോൾ ദൈവപുരുഷൻ അവിടെ പറയുന്നു. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ഇങ്ങനെ പറയുന്നതിൽ എനിക്ക് ഒട്ടും നാണക്കേടില്ല എന്റെ ഉടയവനും ഞാൻ സേവിച്ചു വരുന്നവനുമായ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽ നിന്നു.

## വിശ്വാസികളോട് ഒരു വാക്ക്

ഞാൻ വിശ്വാസികളായ നിങ്ങളെ വെല്ലുവിളിക്കുകയാണ് നമ്മുടെ ദൈവം അസത്യംമുള്ളവനാണെന്നും അതുകൊണ്ട് അവനിൽ നമ്മൾ വിശ്വസിക്കേണ്ടതില്ലെന്നും, അതുപോലെ സുവിശേഷം സത്യമല്ലെങ്കിൽ അതു ഉറക്കെ വിളിച്ച് പറയുവാനും ധൈര്യം കാണിക്കുക. എന്നാൽ ദൈവവും ദൈവവചനവും സത്യമാണ്. അതുകൊണ്ട് ഒട്ടും സംശയംകൂടാതെ ഇതിൽ വിശ്വസിക്കുക. അതെ ദൈവവചനം സത്യമായതുകൊണ്ട് എന്തുകൊണ്ട് അതിൽ പൂർണ്ണമായിട്ട് ആശ്രയിക്കുന്നില്ല. ആരെങ്കിലും ഒരാൾ പറഞ്ഞേക്കാം, എല്ലാം ശരിയാണ്, പക്ഷേ ഇത് ഇത്ര നിസ്സാരം അല്ല. ദൈവത്തിന് നിസ്സാരമാണ്. ദൈവവചനത്തിൽ വിശ്വസിക്കുന്നത് വളരെ ലളിതവുമാണ്. നിന്റെ വാക്കുകളിൽ നീ നീതികരിക്കപ്പെടുവാനും, നിന്റെ ന്യായവിസ്താരത്തിൽ ജയിപ്പാനും എന്നു എഴുതിയിരിക്കുന്നതുപ്പോലെ “ദൈവം സത്യവാൻ സകല മനുഷ്യരും ഭോഷ്ക്കു പറയുന്നവർ എന്നേ വരൂ” (റോമ. 3:4). ആകാശവും ഭൂമിയും മാറിപ്പോയാലും ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഒരിക്കലും മാറുന്നില്ല. അല്ല യോ പൗലൊസേ ഉയരത്തിൽ നിന്നു നീ ദൂത് സ്വീകരിച്ചെങ്കിൽ അത് നീ വിളിച്ചു പറയുക. അങ്ങനെ നിന്റെ വിശ്വാസം പ്രശസ്തമാകട്ടെ.

ഒരു കാര്യം ഞാൻ പറയട്ടെ നിങ്ങളിൽ ചിലർ, ഞാൻ യേശുവിനെ സ്നേഹിക്കുന്നുവെന്ന് പറയുകയും അത് പുറത്ത് കാണിക്കാതെ ഇരിക്കുന്നുവെങ്കിൽ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുകയാണ് മടിച്ച് നിൽക്കാതെ മുമ്പോട്ട് വന്ന് അത് ഉറക്കെ വിളിച്ച് പറയുക. ❖

# ധൈര്യപ്രദമായ ജീവിതം

By J.C. Ryle (1816- 1900)

സഭ ക്രിസ്തുവിന്റെ ശരീരമാണ്. ആ മാർമ്മിക ശരീരത്തിലെ ഒരസ്ഥിപോലും ഒടിയാൻ പാടില്ല.

സത്യസഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്. ദൈവത്തിന് സഭയോട് നിത്യമായ ഒരു പ്രമാണമുണ്ട്. അത് ഒരിക്കലും നഷ്ടപ്പെട്ടു പോകുന്നതല്ല.

സത്യസഭ ക്രിസ്തുവിന്റെ ആട്ടിൻ കൂട്ടമാണ്. ഒരിക്കൽ ഒരു സിംഹം വന്ന് ദാവീദിന്റെ ആട്ടിൻ കൂട്ടത്തിൽ നിന്നും ഒരു ആട്ടിൻ കുട്ടിയെ പിടിച്ചു, ദാവീദ് എഴുന്നേറ്റ് സിംഹത്തിന്റെ വായിൽ നിന്നും ആട്ടിൻ കുട്ടിയെ രക്ഷിച്ചു. ക്രിസ്തുവും അങ്ങനെ ചെയ്യുന്നു. അവിടുന്ന്, ദാവീദിന്റെ പുത്രനാണ്. ക്രിസ്തുവിന്റെ ആട്ടിൻ കൂട്ടത്തിൽ ഒരാട്ടിൻ കുട്ടിയും രോഗിയായി നശിച്ചുപോകുന്നില്ല. ഒടുവിലത്തെ ദിവസത്തിൽ “യേശു പിതാവിനോട് നീ എനിക്ക് തന്നവരിൽ ആരും നഷ്ടമായിപ്പോയിട്ടില്ല എന്ന് അവൻ പറഞ്ഞവാക്കിന് ഇതിനാൽ നിവർത്തി വന്നു ” (യോഹ. 18:9).

സത്യസഭ ഭൂമിയിലെ ഗോതമ്പ് ആണ്. അതിനെ അരിച്ചെടുത്തേയ്ക്കാം പാറ്റിയേക്കാം, തിരുമുകയോ ഇടിക്കുകയോ ചെയ്തേക്കാം, അതിനെ അമ്മാനമാടിയ്ക്കാം. എന്നാൽ ഒരു മണിപോലും നഷ്ടപ്പെട്ടു പോകയില്ല. അതിന്റെ പതിരും ചണ്ടിയും കത്തിക്കും. കോതമ്പ് കളപ്പുരയിൽ കൂട്ടിവയ്ക്കും.

സത്യസഭ ക്രിസ്തുവിന്റെ പടയാളികൾ ആണ്. നമ്മുടെ രക്ഷയുടെ നാഥൻ തന്റെ പടയാളികളെ ഒരിക്കലും കൈവിടുകയില്ല. തന്റെ പദ്ധതികളൊന്നും പരാജയപ്പെടുകയില്ല. അവിടുന്ന് നമുക്ക് നൽകുന്നതിൽ പരാജയപ്പെടുന്നില്ല. അവിടുത്തെ ഒരു പടയാളിയും നഷ്ടപ്പെട്ടുപോകുന്നില്ല. അവിടുന്നു തന്നെ പ്രഖ്യാപിക്കുന്നത് ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു; അവ ഒരു നാളും നശിച്ചുപോകയില്ല. (യോഹ. 10:28).

സത്യസഭയിലെ ചിലരെ പിശാച് ജയിലിലടച്ചേക്കാം. അവൻ കൊന്നേയ്ക്കാം. തൂക്കിയേക്കാം. രക്തസാക്ഷികളാക്കിയേക്കാം. എന്നാൽ അവൻ ശരീരത്തെ കൊന്നശേഷം മറ്റൊന്നും അവന് ചെയ്യാൻ കഴിയുകയില്ല.

ക്രിസ്തു സഭയിലെ ശുശ്രൂഷകൻമാർ മരിക്കുമ്പോൾ ഭയപ്പെട്ടുപോകരുത്, വിശുദ്ധന്മാർ മാറ്റപ്പെടും. ഭാവിയെക്കുറിച്ചുള്ള സകല ആകുലചിന്തകളും അവിടുന്ന് നീക്കികളയുന്നു. ദേശത്തിന്റെ അളവുകളെ അവിടുന്ന് നിർത്തികളയുന്നു. ക്രിസ്തു എപ്പോഴും തന്റെ സ്വന്തം സഭയ്ക്കു വേണ്ടി കരുതുന്നു, തന്റെ സഭയെ സംരക്ഷിക്കുന്നു, “ പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല” (മത്താ. 16:18). നമ്മുടെ കണ്ണുകൾ അത് കണ്ടില്ലെങ്കിലും എല്ലാം അവിടുന്ന് നന്നായി നടത്തുന്നു. ഈ ലോകത്തിന്റെ ഭരണകൂടങ്ങൾ നമ്മുടെ ദൈവത്തിനും അവിടുത്തെ പുത്രനായ ക്രിസ്തുവിനും ആകും.

ഒരു വിശുദ്ധ ജീവിതം നയിപ്പാൻ തീവ്രമായി ഉത്സാഹിക്ക. ദൈവസഭയ്ക്ക് യോഗ്യമാംവണ്ണം നടക്കുക. സ്വർഗ്ഗീയ പൗരന്മാരായി ജീവിക്കുക. നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ ഇടയിൽ പ്രകാശിക്കട്ടെ. നിങ്ങൾ മുഖാന്തരം ലോകം അനുഗ്രഹിക്കപ്പെടട്ടെ. നിങ്ങൾ ആരുടെ വകയെന്നും, ആരെ സേവിക്കുന്നു എന്നും അവർ അറിയട്ടെ.

(ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

**വിശ്വാസവും ശുശ്രൂഷയും പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ**

വാഗ്ദത്തങ്ങളിലുള്ള അദ്ദേഹത്തിന്റെ പ്രത്യാശയുമായിരുന്നു.

ചാൾസ് സ്പർജൻ തന്റെ ആർട്ടികളിൽ പേജ് 4-ൽ മറ്റൊരു ഉദാഹരണം രേഖപ്പെടുത്തുന്നു. ഒരു പ്രതീക്ഷയും ഇല്ലാതിരുന്ന സമയത്ത് ഒരു വ്യക്തിയുടെ ദൈവവിശ്വാസവും അതി ന്റെ പരിണിത ഫലങ്ങളും ഇവിടെ അപ്പോസ്തലനായ പൗലൊസും 276 മനുഷ്യർക്കു കപ്പൽ ക്ഷതത്തിൽ സംഭവിച്ചത് പോലെയുള്ളത് ഞങ്ങൾ രക്ഷപ്പെടും എന്നുള്ള ആശ ഒക്കെയും അറ്റുപോയി (അപ്പോ. 27:20) എന്നിട്ടു ദൈവത്തിൽ നിന്ന് പൗലൊസ് വാഗ്ദത്തം സ്വീകരിക്കുകയും തന്റെ കൂട്ടത്തിലുള്ളവരും കപ്പൽ ക്ഷതത്തിൽ നിന്ന് അത്ഭുതകരമായിട്ട് രക്ഷപ്പെടുകയും ചെയ്യുന്നു. (വാക്യം 24).

തീർച്ചയായിട്ടും ഇത് ഒരു പുരുഷനോ സ്ത്രീയ്ക്കോ ചെയ്യുവാൻ കഴിയുന്ന കാര്യമല്ല, എന്നാൽ ദൈവത്തിന് അവരിൽ കൂടി ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾ വളരെയധികമാണ്. ഒരിക്കലും പൗലൊസ് തന്റെ ശക്തികൊണ്ട് 276 വ്യക്തികളെ കപ്പൽ ക്ഷതത്തിൽ നിന്നു രക്ഷിച്ചതല്ല. യെരുശലേമിൽ മാറ്റം വരുന്നത് നെഹെമ്യാവിന്റെ സ്വന്ത ശക്തികൊണ്ടല്ല. എന്നാൽ ദൈവം ഇടപെട്ടപ്പോൾ അവിടുന്ന് ശക്തിയുള്ളതുകൊണ്ട് കർത്താവ് അത് ചെയ്യും. അവിടുത്തേയ്ക്ക് ഒന്നും അസാദ്ധ്യമല്ല. യെരമ്യാവ് പ്രവാചകൻ പറയുന്നതു പോലെ അയ്യോ, യഹോവയായ കർത്താവേ, നിന്റെ മഹാശക്തികൊണ്ടും നീട്ടിയ ഭുജംകൊണ്ടും നീ ആകാശത്തേയും ഭൂമിയേയും ഉണ്ടാക്കി നിനക്ക് അസാദ്ധ്യമായതു ഒന്നുമില്ല (യിരെമ്യ. 32:17). അടിമത്വത്തിൽ കിടക്കുന്ന ദൈവജനത്തെ യഹോവയെകൊണ്ടുമാത്രം വിടുവിക്കുവാൻ കഴിയുകയുള്ളൂ, അത് മനുഷ്യ കരത്താൽ അസാദ്ധ്യമാണ് എന്നുള്ള പ്രവാചകന്റെ വെളിപ്പാടിനാലാണ്.

നിങ്ങൾ ഇപ്പോൾ എന്ത് ചിന്തിക്കുന്നു; കർത്താവിന് സകലവും ചെയ്യുവാൻ സാദ്ധ്യമാണോ? തീർച്ചയായിട്ടും യു.എസ്.എ.യിലും മറ്റുള്ള രാജ്യങ്ങളിലും കർത്താവിന് ഒരു ആത്മീക ഉണർവ്വ് സൃഷ്ടിക്കുവാൻ കഴിയും. ദൈവജനം അവിടുത്തെ വചനം കേട്ട് തങ്ങളെത്തന്നെ താഴ്ത്തി, യഹോവയുടെ മുഖം അന്വേഷിച്ച് ദൈവത്തോട് പ്രാർത്ഥിക്കുകയും അവരുടെ പാപവഴികളിൽ നിന്ന് പിൻമാറിയാൽ 2 ദിനവൃത്താന്തിൽ പറയുന്നതുപോലെ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും " (2 ദിന. 7:14). ദൈവം തന്റെ വാഗ്ദത്തങ്ങൾ ഓർക്കുകയും അത് നിവർത്തിക്കുകയും ചെയ്യുന്നു. ഇവിടുത്തെ പ്രശ്നം തീർച്ചയായിട്ടും തന്റെ ജനം യഹോവയിൽ ആശ്രയിക്കുകയും അങ്ങനെ പ്രവർത്തിക്കുകയും ചെയ്യുമോ എന്നതാണ്.

**നമ്മുടെ അഭയം,ശക്തി, സഹായം**

ഈ പ്രതിസന്ധി നിറഞ്ഞ സമയത്ത് നിങ്ങൾ വിശ്വസിക്കുന്നുവോ കർത്താവിന് നിങ്ങളെ സഹായിക്കുവാനും, നിങ്ങളെ നടത്തുവാനും കഴിയുമെന്ന്. ഉദാഹരണത്തിന് സങ്കീ. 46-ൽ വചനത്തിൽ പറയുന്ന ചില വാഗ്ദത്തങ്ങളും സത്യങ്ങളും. " ദൈവം നമ്മുടെ സങ്കേതവും ബലവും ആകു ന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും അതിലെ വെള്ളം ഇരെച്ചു കലങ്ങിയാലും അതിന്റെ കോപംകൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല " (സങ്കീ. 46:1-3). വചനം ഒരിക്കലും പഠിപ്പിക്കുന്നില്ല. മനുഷ്യന്റെ ജീവിതം കുഴപ്പം ഒന്നും ഇല്ലാത്തതാണെന്ന്, ഒരിക്കലും അങ്ങനെയല്ല, എല്ലാം നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ വന്നേക്കാം നമ്മുടെ ജീവിതത്തിൽ പക്ഷേ ഇവിടെയും ദൈവീക വാഗ്ദത്തങ്ങൾ നമുക്കുണ്ട് അവിടുന്ന് നമ്മുടെ സങ്കേതവും ബലവും ആ ണെന്ന്.

**അഭയമായ നമ്മുടെ ദൈവം**

തീർച്ചയായിട്ട് നന്മകൾക്ക് നമ്മുടെ പ്രശ്നങ്ങളിൽ ദൈവ സന്നിധിയിൽ ചെന്ന് അഭയം പ്രാപിക്കുവാനും വിടുതൽ അനുഭവിക്കുവാനും കഴിയും. ദൈവത്തിന്റെ ചിറകിന്റെ കീഴിൽ നമുക്ക് അഭയം പ്രാപിക്കാം (സങ്കീ. 57:1; 91:4). "കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട് എനി ക്കു ഉറപ്പുള്ള പാറയായിരിക്കേണമേ; നീ എന്റെ പാറയും എന്റെ കോട്ടയും ആകുന്നുവല്ലോ" (സങ്കീ. 71:3).

**ശക്തിയായ നമ്മുടെ ദൈവം**

നമ്മുടെ ശക്തി പരിമിതമാണ്. നമ്മുടെ ശക്തി പരാജയപ്പെടുന്ന സ്ഥലംവരെ നമുക്ക് പോകാം. എന്നാൽ ദൈവത്തിന്റെ ശക്തിക്ക് പരിമിതിയില്ല; അവിടുന്ന് ഒരിക്കലും പരാജയപ്പെടുന്നില്ല. നമ്മുടെ കർത്താവ് വലിയവനും ശക്തേയേറിയവനും ആകുന്നു" (സങ്കീ. 147:5). അവന്റെ വീര്യമാഹാത്മ്യം നിമിത്തവും അവന്റെ ശക്തിയുടെ ആധിക്യം നിമിത്തവും അവയിൽ ഒന്നും കുറഞ്ഞു കാണുകയില്ല. നക്ഷത്രങ്ങൾ അതിന്റെ സ്ഥലത്ത് സ്ഥിരമായിരിക്കുന്നു. ഈ ദൈവം അവിടുത്തെ വാഗ്ദത്തങ്ങൾ നമ്മുടെ ക്ഷീണത്തിൽ പ്രശ്നങ്ങളുടെ മദ്ധ്യേയും തന്ന് അവിടുന്ന് നമ്മെ ശക്തീകരിച്ച് ബലത്തോട് നടത്തുക തന്നെ ചെയ്യും" (യെശ. 40:26-31). സകല സഹിഷ്ണതയ്ക്കും ദീർഘക്ഷമയ്ക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിനു ഒത്തവണ്ണം പൂർണ്ണ ശക്തിയോട് ബലപ്പെടേണമെന്നും (കൊലൊ. 1:11). "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലി. 4:13) എന്ന് പൗലൊസ് പറയുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല.

പൗലൊസിന്റെ ജീവിതാവസാന സമയത്തുള്ള ആ വലിയ പ്രതിസന്ധിയുടെ നേരം കർത്താവോ എനിക്കു തുണ നിന്നു പ്രസംഗം എന്നെക്കൊണ്ടു നിവർത്തിപ്പാനും സകല ജാതികളും കേൾ പ്പാനും എന്നെ ശക്തീകരിച്ചു (2തിമൊ. 4:17). ഇതുപോലെ നമ്മൾക്കും അവിടുത്തേ മുഖം നോക്കാം, അവിടുന്ന് നമ്മൾക്ക് കൃപ നൽകുകയും ഈ പ്രതിസന്ധികളിൽ വിജയം നല്കുകയും ചെയ്യും. അങ്ങനെ നമ്മുടെ ദൗത്യ നിർവ്വഹണം വിജയകരമായിട്ട് പൂർത്തീകരിപ്പാൻ കർത്താവ് സഹായിക്കും. ആത്മീക പോരാട്ടത്തിൽ നമ്മളെ കർത്താവിൽ സമർപ്പിക്കാം. " ഒടുവിൽ കർത്താവിലും അ വന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ" (എഫെ. 6:10)

**ദൈവം നമ്മുടെ സഹായം**

സങ്കീ. 121-ൽ സങ്കീർത്തനക്കാരൻ പറയുന്നു നമ്മുടെ സഹായം വരുന്നത് ആകാശത്തെയും ഭൂമിയേയും ഉണ്ടാക്കിയ യഹോവയിൽ നിന്നാണ് (വാക്യം 1,2). ഇവിടെ നമ്മളെ ഒന്നു കൂടി ചിന്തിപ്പിക്കുന്നില്ലേ, ആകാശവും ഭൂമിയും ഉണ്ടാ

( ശേഷം 8-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

### ന്യായവിധിയുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ ദയ അന്വേഷിക്കുക

കുടിക്കുക, നാം തിന്നുക, കുടിക്കുക; നാളെ മരിക്കുമല്ലോ എന്നിങ്ങനെ ആയിരുന്നു (യെശ. 22:12,13). മനുഷ്യരുടെ ആത്മാവിന്റെ നഷ്ടവും, ക്ഷമ ഇല്ലാത്ത ആജ്ഞാനവർത്തികളായി മാറുന്നത് നാം ദൈവത്തോടു ചെയ്യുന്ന പപം തന്നെ ആണ്. അങ്ങനെ ധാർമ്മിക അധ:പതനം ഉണ്ടാകുകയും രാജ്യങ്ങളുടെമേൽ ദൈവീക കോപം വെളിപ്പെടുകയും ചെയ്യും.

### ദൈവത്തിൽ ധൈര്യപ്പെടുക

നമ്മൾ പാപം ചെയ്യുന്നതുകൊണ്ട് ധാരാളം കരയുവാനും, താഴ്ത്തികൊടുക്കുവാനും പശ്ചാത്തപിക്കുവാനും ഒക്കെയും ഉണ്ടെങ്കിലും നാം അധൈര്യപ്പെട്ട് പോകരുത്. നമ്മുടെ ദൈവം ദയാലുവാണ്. ആർക്കാണ് പറയുവാൻ കഴിയുന്നത്. എല്ലായ്പ്പോഴും അവിടുത്തെ ദയ നമ്മുടെമേൽ ഉണ്ട്. ഇല്ലെങ്കിൽ അവിടുത്തെ വലിയ കോപത്തിൽ നമ്മെ നശിപ്പിച്ചുകളയുമായിരുന്നു.

അവിടുത്തെ അനുഗ്രഹത്തിൽ, നമ്മുടെ പ്രാർത്ഥനകൾ യഥാർത്ഥ മാനസന്തരവുമുള്ളതാണെങ്കിൽ ഒരു കാര്യം ദൈവചനത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളോട് എനിക്ക് പറയുവാൻ കഴിയും. അവിടുത്തെ മുമ്പാകെ നമ്മൾക്ക് അധികം പ്രത്യാശ ഉണ്ട്. ദൈവമുമ്പാകെ വിറക്കുകയും, അവരുടെ ഹൃദയങ്ങളിലെ പാപം കാണുകയും, പാപങ്ങളുടെ ബഹത്വത്താൽ ഭൂമിയിൽ സംഭവിക്കുന്ന ദുരിതങ്ങൾ കാണുകയും ചെയ്യുമ്പോൾ നാം ദൈവസന്നിധിയിൽ ധൈര്യപ്പെടണം.

നമ്മളെ സ്നേഹിച്ചവരും, നിന്റെ പാപത്തിന് വേണ്ടി മരിച്ചവനുമായവൻ മഹിമയുള്ള കർത്താവ് ആണ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ ശക്തികളും അവിടുത്തെ മുമ്പാകെ സമർപ്പിക്കപ്പെട്ടിരിക്കുന്നു. "യഹോവ വാഴുന്നു; ജാതികൾ വിറെക്കട്ടെ; അവൻ കെരുബുകളുടെ മീതെ വസിക്കുന്നു; ഭൂമി കുലുങ്ങട്ടെ " (സങ്കീ. 99:1). എല്ലാ സൃഷ്ടികളും അവന്റെ ആയുധങ്ങളാണ്. കെട്ടി നിന്നതും യഹോവയുടെ ശ്വാസം തള്ളിപ്പായിക്കുന്നതുമായ ഒരു നദി പോലെ അവൻ വരും (യെശ. 59:19). ഞാൻ അതിനു അതിർ നിയമിച്ചു കതകും ഓടാമ്പലും വെച്ചും, ഇത്രത്തോളം നിനക്കുവരാം; അതു കടക്കരുത്; ഇവിടെ തിരമാലകളുടെ ഗർവ്വം നിലെക്കും എന്നു കല്പിച്ചു. (ഇയ്യോ. 38:10,11). " ജാതികളുടെ കലഹവും ശമിപ്പിക്കുന്നു " (സങ്കീ. 65:7).

നിങ്ങൾ കർത്താവിനെ അറിയാത്തവർക്കുവേണ്ടിയും അവരുടെ മാനസാന്തരത്തിനായി കരയുന്നുണ്ടായിരിക്കാം. സൈന്യങ്ങളുടെ യഹോവയെ ശുദ്ധീകരിപ്പിൻ; അവൻ തന്നേ നിങ്ങളുടെ ഭയവും നിങ്ങളുടെ ഭീതിയും ആയിരിക്കട്ടെ. എന്നാൽ അവൻ ഒരു വിശുദ്ധ മന്ദിരമായിരിക്കും; (യെശ. 8:13,14). അതുകൊണ്ട് ഭൂമിമാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും നാം ഭയപ്പെടുകയില്ല (സങ്കീ. 46:2).

### പ്രത്യാശയിൽ പ്രാർത്ഥിക്കുക

നാം നന്മകൾക്കുവേണ്ടി പ്രാർത്ഥിക്കണം. ഉണർന്നിരിക്കുന്നവരായിട്ട് നാം കാണപ്പെടണം. അര കെട്ടിയും വിളക്ക് കത്തിയും അങ്ങനെ അവിടുത്തെ ഏതു നേരത്തുമുള്ള വരവിനായിട്ടും നമുക്ക് ഒരുക്കത്തോടിരിക്കാം. (മർക്കൊ. 3:35; 14:38). നമുക്ക് യെരുശലേമിന്റെ സമാധാനത്തിനായിട്ട് പ്രാർത്ഥിക്കാം, അവിടുത്തെ സഭയ്ക്കായിട്ട് അവിടുത്തെ സുവിശേഷത്തിന്റെ വ്യാപനത്തിനായിട്ട് സ്വർഗ്ഗരാജ്യത്തിന്റെ വ്യാപനത്തിനായിട്ട് അവിടെ വലിയ നാമം സൂര്യന്റെ ഉദയം മുതൽ അസ്തമനം വരെ എന്റെ നാമം ജാതികളുടെയിടയിൽ വലുതായിരിക്കുന്നു (മലാഖി 1:11), മുഴുലോകവും അവിടുത്തെ മഹത്വത്താൽ നിറയപ്പെടട്ടെ.

നമുക്ക് ഉയരത്തിൽ നിന്നുള്ള ഒരു വലിയ അനുഗ്രഹത്തിനായിട്ട് പ്രാർത്ഥിക്കാം. നമ്മുടെ ഭരണകർത്താക്കളുടെമേലും സർക്കാരിന്റെമേലും അധികാരികളുടെമേലും സഭയിലും രാജ്യത്തുമെല്ലാം ഒരു സമാധാനമുള്ള ജീവിത സാചര്യം ഉണ്ടാകുവാൻ യഥാർത്ഥമതവും, നല്ല ഭരണ സംവിധാനവും സ്ഥാപിക്കപ്പെടുവാനും എല്ലാ നീതികേടും മാറിപോകാനും പ്രാർത്ഥിക്കാം.

### വിശ്വാസത്തോടെ പ്രാർത്ഥിക്കാം

നമുക്ക് വിശ്വാസത്തോടെ പ്രാർത്ഥിക്കാം. പ്രാർത്ഥിച്ചപ്പോൾ അവിടുന്ന് ചെയ്ത വലിയ പ്രവർത്തികളെ ഓർക്കാം. സൻഹരീബ് യഹൂദയെ ആക്രമിച്ച് അതിന്മേൽ ജയം നേടിയപ്പോൾ അവൻ ഒരിക്കലും ചിന്തിച്ചില്ല. യഹോവയായ ദൈവത്തിന്റെ ഒരു കോടാലി, ഈർച്ചവാളോ ആയിട്ട് അവൻ ഒരിക്കലും ഇരിക്കയില്ലെന്ന് (യെശ. 10:15; 37:14-36). അവൻ തന്റെ വിജയത്തിൽ സ്വയം അഹങ്കരിക്കുകയും യെരുശലേമിനെയും തോല്പിക്കുവാൻ തനിക്ക് കഴിയുമെന്ന് ചിന്തിച്ചു. ഹിസ്കിയാവ് രാജാവിന്റെ മടക്കിയുള്ള പ്രാർത്ഥന സൻഹരീബിന്റെ പരാജയവുമായിട്ട് മാറി. ഹിസ്കിയാവിന്റെ വിശ്വാസത്തോട് കൂടിയ പ്രാർത്ഥന അസ്സീറിയൻ സൈന്യത്തെ കേവലം മഞ്ഞ് പോലെ ഉരുക്കികളഞ്ഞു.

ഈ കാലഘട്ടം വളരെ നിർണ്ണായകമാണ്. എല്ലാവരും നമ്മൾക്ക് പ്രയിപ്പെട്ടവരാണ്. ഇവർ ഇന്ന് ഭീയിയിലാണ്. നമ്മുടെ ശത്രുക്കൾ അരിശമുള്ളവരാണ്. നമ്മുടെ പപങ്ങൾ നമ്മൾക്കെതിരെ സാക്ഷ്യം പറയും. എന്നാൽ, നമ്മൾ, ദൈവസന്നിധിയിൽ സമർപ്പിച്ചുകൊടുക്കുമ്പോൾ അവിടുന്ന് നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും, അവിടുത്തെ ദയയാൽ പിതാവിന്റെ സന്നിധിയിൽ പക്ഷവാദം നടക്കുകയും ചെയ്യും. അതുകൊണ്ട് നമുക്ക് പ്രത്യാശിക്കാം. അവിടുന്ന് നമുക്കായിട്ട് പ്രവർത്തിക്കുവെന്ന് ഇതു സംബന്ധിച്ച് നാം എന്തുപറയേണ്ടു? ദൈവം നമ്മൾക്ക് അനുകൂലം എങ്കിൽ പ്രതികൂലം ആർ? (റോമർ 8:31).

ദൈവത്തിന്റെ കൃപാസനത്തോളം കടന്ന് ചെല്ലുവാൻ അധികാരവും അവകാശവും ലഭിച്ചവരേ, ദൈവത്തിന്റെ മഹത്വത്തെകുറിച്ച് ചിന്തിക്കുകയും ചെയ്യുന്ന നിങ്ങളുടെ ഹൃദയം ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ നിങ്ങളുടെ രാജ്യത്തിലെ നല്ല സുഹൃത്തുക്കളെന്ന് നിങ്ങളുടെ നല്ല സാക്ഷ്യത്താലും, പാപത്തിനോടുള്ള പോരാട്ടം (നമ്മൾക്ക് ദു:ഖം ഉണ്ടാകാമായിരുന്നത്) ദൈവസന്നിധിയിൽ നിന്ന് അവിടുത്തേക്ക് പക്ഷപാതം നമ്മൾക്ക് വേണ്ടിയും ന മ്മുടെ ദേശിത്തിനുവേണ്ടി ചെയ്തതിനാൽ. പക്ഷേ പത്തുപേരെ അവിടെകണ്ടാലോ എന്നു പറഞ്ഞു. "ഞാൻ പത്തു പേരുടെ നിമിത്തം നശിപ്പിക്കുകയില്ല എന്നു അവൻ അരുളിചെയ്തു " (ഉല്പ. 18:32). ❖

( 6-ാം പേജിന്റെ തുടർച്ച)

**വിശ്വാസവും ശുശ്രൂഷയും പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ**

ക്കിയ യഹോവയിൽ നിന്നാണ് നന്മകൾക്ക് സഹായം വരുന്നതെന്ന്? അവിടുന്ന് ഇതെ ല്ലാം സൃഷ്ടിച്ചു. എങ്കിൽ അവിടുന്ന് കഴിയും നമ്മുടെ ആവശ്യങ്ങളിൽ നമ്മെ സഹായിക്കുവാൻ.

ഇത് വളരെ സത്യമാണ്. എല്ലാം അസാദ്ധ്യമായ കാലത്തു പുതുതായി നന്മക്കായിട്ട് ഒന്ന് സൃഷ്ടിക്കുവാനുള്ള കർത്താവിന്റെ കരം. ഉദാഹരണമായിട്ട് യെഹോശാഫാത്തിന്റെ കാലഘട്ടത്തിൽ യഹൂദ്യരുടെ നേരെ ശത്രു സൈന്യം വന്നപ്പോൾ, യെഹൂദ്യർ എന്താണ് ചെയ്യുന്നത്? യഹോവയോടു സഹായം ചോദിപ്പാൻ യെഹൂദ്യർ ഒന്നിച്ചുകൂടി (2ദിന. 20:40). അപ്പോൾ ദൈവമായ കർത്താവ് അവർക്ക് വേണ്ടി ഇടപെടുകയും ശത്രുസൈന്യത്തിൽ നിന്നും വിടുവിക്കുകയും ചെയ്തു. അവിടുന്ന് വളരെ ബുദ്ധിമുട്ടുള്ളതല്ല.

സങ്കീർത്തനം 46-ൽ നമ്മെ വീണ്ടും നമ്മെ ഓർമ്മപ്പെടുത്തുന്നു. അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു (വാക്യം 1). രണ്ട് പ്രാവശ്യം ഈ കാര്യം ഇവിടെ രേഖപ്പെടുത്തുന്നു. സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ടു: യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു (വാക്യം 7,11). അതുകൊണ്ട് സങ്കീർത്തനക്കാരൻ പറയുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല; സാഹചര്യം എങ്ങനെയുള്ളതാണെങ്കിലും നാം ഭയപ്പെടുകയില്ല എന്നുള്ളത്. (വാക്യം 2,3). അതെ നമ്മുടെ ദൈവം നമ്മോട് കൂടെ ഉണ്ടെങ്കിവ്, അവിടുന്നു നമ്മുടെ സഹായമാണെങ്കിൽ അഭയമാണെങ്കിൽ, ശക്തിയാണെങ്കിൽ നന്മകൾക്ക് എന്തും നേരിടാൻ സാധിക്കൂ. ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല, എന്നു അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ കർത്താവു എനിക്കു തുണ; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോടു എന്തു ചെയ്യും? എന്ന് നമുക്കു ധൈര്യത്തോടെ പറയാം (എബ്രാ. 13:5,6). അതുകൊണ്ട് യഹോയവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചു നോക്കേണ്ടാ; ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും (യെശ. 41:10).

## ഒരു വാക്ക്

ആഗമന ദൂതന്റെ ഹൃദയത്തിൽ തൊട്ട ഈ കാര്യം സർവ്വശക്തനായ ദൈവം അവിടുന്ന് വിളിക്കുന്നു നമ്മളെ അവിടുത്തെ നാമത്തിൽ വിശ്വസിപ്പാനും വചനപ്രകാരം ജീവിക്കുവാനും അതെ നമ്മുടെ രാജ്യത്തിലും സഭയിലും, വ്യക്തിപരമായ നമ്മുടെ ജീവിതത്തിലും അവിടുന്നു ചെയ്യുവാൻ കഴിയുന്ന വലിയകാര്യങ്ങൾ! ഈ മണിക്കൂറുകൾ വളരെ നിർണ്ണായകവും ദൈവജനം വിശ്വാസത്തിലും ധൈര്യത്തിലും വർദ്ധിച്ചുവരുവാനുള്ളതാണ് ഈ സമയം. നമ്മൾ ഭൂമിയുടെ ഉപ്പു, ലോകത്തിന്റെ വെളിച്ചവുമാണ് (മത്താ. 5:13-16). നമ്മുടെ കർത്താവ് എപ്പോൾ നമ്മെ സ്വീകരിപ്പാനായിട്ട് (രണ്ടാം വരവ്) എന്നത് നിശ്ചയമില്ല, പക്ഷേ ആ സമയം വരെ നമുക്ക് ദൈവത്തെ അന്വേഷിക്കാം, അവിടുത്തെ നാമത്തിൽ നമുക്ക് വിശ്വസിക്കാം, അവിടുത്തെ വിട്ടുമാറാത്ത വാഗ്ദത്തങ്ങളിൽ ആശ്രയിക്കാം അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കി തീർക്കുന്ന അവിടുത്തെ നാമത്തിൽ നമുക്കു മറ്റുള്ളവർക്കു ഒരുമമിച്ച് ആശ്രയിക്കാം. ❖

( 5-ാം പേജിന്റെ തുടർച്ച)

**ധൈര്യപ്രദമായ ജീവിതം**

ക്രിസ്തുവിനെ വായിപ്പാൻ തക്കവണ്ണം നിങ്ങൾ ലോകത്തിന്റെ പത്രം ആയിരിക്ക. അവൻ ക്രിസ്തു വിന്റെ സഭയിലെ അംഗം ആയിരുന്നുവോ, അല്ലയോ എന്ന് ഞങ്ങൾക്ക് വ്ക്തമായില്ല എന്ന് നിങ്ങളെക്കുറിച്ചും ഒരുത്തനും പറയാതിരിക്കട്ടെ. പാറമേൽ പണിയപ്പെട്ട സഭയെക്കുറിച്ച് യഥാർത്ഥമായ പ്രായോഗിക വിശുദ്ധിയെക്കുറിച്ച് അവർക്ക് അറിയില്ല.

ധൈര്യമുള്ള ജീവിതം നയിക്കാൻ ഉത്സാഹിക്ക. ആളുകളുടെയിടയിൽ യേശുവിനെ ഏറ്റുപറയുക. നിങ്ങൾ ആയിരിക്കുന്ന സ്ഥാനത്ത് യേശുവിനെ ഏറ്റുപറയുക. എന്തിന് നിങ്ങൾ അവിടുത്തെക്കുറിച്ച് ലജ്ജിക്കണം. അവിടുന്ന് ക്രൂശിൽ നിങ്ങളെക്കുറിച്ച് ലജ്ജിച്ചില്ല. പിതാവിന്റെ മുമ്പിൽ അവിടുന്ന് ഇപ്പോൾ നമ്മെക്കുറിച്ച് ഏറ്റുപറയുന്നു. എന്തിന് അവിടുത്തെക്കുറിച്ച് ലജ്ജിക്കുന്നു ധൈര്യമായിരിക്ക. വളരെ ധൈര്യമായിരിക്ക. ഒരു നല്ല പടയാളി തന്റെ യൂണിഫോമിനെക്കുറിച്ച് ലജ്ജിക്കുന്നില്ല. ഒരു സത്യ വിശ്വാസി ഒരിക്കലും ക്രിസ് തുവിനെക്കുറിച്ച് ലജ്ജിക്കുന്നില്ല. ❖

( 3-ാം പേജിന്റെ തുടർച്ച)

**ഒരു തകർന്ന ദേശത്തോടുള്ള നമ്മുടെ പ്രതികരണം**

എടുത്തു ചാടുകയും അവസാനം അത് വലിയ കരച്ചിലിൽ എത്തിച്ചേരുകയും ചെയ്യുന്നു.

4. ആത്മാവിലൂടെയും പശ്ചാത്താപം നെഹെമ്യാവ് ഈ കാര്യം ഇവിടെ തെരഞ്ഞെടുക്കുന്നു. സകലത്തെയും നിയന്ത്രിച്ച് തന്റെ കീഴിലാക്കിയിരിക്കുന്ന ദൈവസന്നിധിയിൽ അപേക്ഷിക്കുന്നു. അവൻ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലാകുകയും അവിടുത്തെ വചനത്തിന്റെ നിർദ്ദേശപ്രകാരം കാര്യങ്ങൽ നടത്തുകയും ചെയ്യുന്നു. നെഹെമ്യാവ് 1-ാം അദ്ധ്യായം വായിക്കുമ്പോൾ ഈ കാര്യം നല്ലവണ്ണം നമ്മൾക്ക് കാണാൻ കളിയും. അവന്റെ ദൈവസന്നിധിയിലുള്ള സമർപ്പണവും ആവലിയ ആത്മീക ഉണർവ്വും പുതുക്കവും 8,9, അദ്ധ്യായങ്ങൾ പഠിക്കുമ്പോൾ ഒറ്റ വ്യക്തിയുടെ അനുതാപവും പ്രാർത്ഥനയും ഒരു ദേശത്തു ജനത്തിനു ഒരുമിച്ച് ആത്മീക ഉണർവ്വും സൃഷ്ടിക്കുന്നതായിട്ട് നമുക്ക് ഗ്രഹിക്കുവാൻ കഴിയും. അവനു മനസ്സിലായി ദൈവത്തിന് മാത്രമേ ഈ ചീഞ്ഞ അവസ്ഥയ്ക്കു മാറ്റം വരുത്തുവാൻ കഴിയുകയുള്ളൂവെന്ന് അതെ ദൈവത്തിന് മാത്രമേ ജനത്തിന്റെ പാപം ക്ഷമിക്കുവാനും ദൈവത്തിന്റെ മഹത്വം വരുത്തുവാനും സാധിക്കുകയുള്ളുവെന്ന്.

ഈ ദേശത്തെ മനസ്സിലാക്കിയ നിങ്ങൾക്ക് എന്താണ് ചെയ്യുവാൻ കഴിയുന്നത്?

പിതാവേ ഞങ്ങളോട് ക്ഷമിക്കണമേ, ഞങ്ങളുടെ ദേശത്തെ സൗഖ്യം ആക്കേണമേ, ഞങ്ങളെ ശുദ്ധീകരിക്കേണമേ. മതിലുകൾ ഇടിഞ്ഞു വാതിലുകൾ ചുട്ടും നശിപ്പിച്ചിരിക്കുന്നു. നെഹെമ്യാവിനെപ്പോൾ ഞങ്ങൾക്ക് ദൈവസന്നിധിയിലേക്ക് തിരിയുവാനും ഒരു ആത്മീക ഉണർവ്വും ഉണ്ടാക്കേണമേ. താഴ്മയുടെയും നുറുക്കവുമുള്ള ഒരു ഹൃദയവും ഉപവസിക്കുവാനും പ്രാർത്ഥിക്കുവാനും അവിടുത്തെ സന്നിധിയിൽ ഞങ്ങൾക്ക് കരയുവാനും സഹായിക്കേണമേ. ആമേൻ ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975